# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2323 – 12/06/2018 ലെ മറുപടിക്ക്

### സംസ്ഥാനങ്ങളുടെ സാമ്പത്തികവിഭവങ്ങളും നികുതി അധികാരങ്ങളും

ചോദ്യം | ഉത്തരം

ശ്രീ. സി. ദിവാകരൻ
ശ്രീ. ആർ. രാമചന്ദ്രൻ
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
ശ്രീമതി. സി. കെ. ആശ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനങ്ങളുടെ സാമ്പത്തിക വിഭവങ്ങളും നികുതി അധികാരങ്ങളും ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് കേന്ദ്ര സർക്കാർ കവർന്നെടുക്കുന്നതെന്ന് വിശദമാക്കുമോ; | വാറ്റ് നടപ്പിലാക്കിയപ്പോൾ നികുതി പിരിക്കുന്നതിനുള്ള അധികാരത്തിന്റെ ഏറിയ പങ്കും സംസ്ഥാനത്തിന് നഷ്ടപ്പെട്ടിരുന്നു. കേന്ദ്ര സർക്കാർ ഭരണഘടനാ ഭേദഗതിയിലൂടെ GST നടപ്പിലാക്കിയതോടെ നികുതി നിരക്കുകളിലോ നികുതി ഭരണ ചിട്ടകളിലോ സംസ്ഥാനങ്ങൾക്ക് ഇനി മാറ്റം വരുത്താൻ കഴിയുകയില്ല. കൂടാതെ സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി പരിമിതപ്പെടുത്തുന്ന തരത്തിലുള്ള കേന്ദ്രസർക്കാർ നടപടികൾ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിനെ ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്ത പ്പെടുന്നു.<br>സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന പ്രവണത കേന്ദ്ര സർക്കാർ സ്വീകരിക്കുന്നുണ്ട്. |
| ബി | സംസ്ഥാനങ്ങളുടെ ധനകമ്മി പരിധി ഗണ്യമായി കുറയ്ക്കണമെന്ന് ധനഉത്തരവാദിത്വ നിയമ അവലോകന സമിതി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാന താല്പര്യങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | എഫ്. ആർ. ബി. എം. കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് 2022-23 -ഓടെ സംസ്ഥാനത്തിന്റെ ധനകമ്മി/ജി.എസ്.ഡി.പി അനുപാതം 1.7 ശതമാനം ആയി കുറയ്ക്കേണ്ടിവരുമെന്ന് നാലാമത് കേരളാ പൊതുചെലവ് പുനഃപരിശോധനാ കമ്മിറ്റി നിരീക്ഷിക്കുകയുണ്ടായിട്ടുണ്ട്. കേന്ദ്ര സർക്കാർ ഈ ശുപാർശ അംഗീകരിക്കുന്ന പക്ഷം അതു പാലിക്കുന്നതിനായി സംസ്ഥാനത്തിന് ചെലവ് വെട്ടിക്കുറയ്ക്കേണ്ടി വരികയും വരുമാനം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കേണ്ടി വരികയും ചെയ്യും. കേരളം പോലുള്ള ധനകമ്മി, റവന്യൂ കമ്മി അനുപാതങ്ങൾ ഉയർന്നു നിൽക്കുന്ന |

| | | |
|---|---|---|
| | | സംസ്ഥാനത്തിന് എഫ്.ആർ.ബി.എം. റിവ്യൂ കമ്മിറ്റിയുടെ സാമ്പത്തിക ദൃഢീകരണ മാർഗ്ഗരേഖ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ ബുദ്ധിമുട്ടുണ്ടാക്കുമെന്ന് നാലാം പൊതുചെലവ് പുന:പരിശോധന കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. വർദ്ധിച്ചുവരുന്ന റവന്യൂ ചെലവ് വഹിക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ മൂലധന ചെലവ് വെട്ടിക്കുറയ്ക്കാത്ത വിധം യുക്തിസഹമായ സാമ്പത്തിക നടത്തിപ്പ് കൈക്കൊള്ളേണ്ടിവരുമെന്നും പൊതുചെലവ് പുന:പരിശോധന കമ്മിറ്റി നിരീക്ഷണം നടത്തിയിട്ടുണ്ട്. |
| സി | സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റുകളെ ഇൻസെന്റീവ് ആക്കുന്നതിന് കേന്ദ്രം നീക്കം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ ഐറ്റം-7 പ്രകാരം സംസ്ഥാനങ്ങളുടെ പ്രവർത്തന മികവ് അളക്കുന്നതിനും ഇൻസെന്റീവ് ശുപാർശ ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു. സംസ്ഥാനങ്ങളുടെ പ്രകടനം അളക്കുന്നത് പ്രയാസകരവും തീരുമാനങ്ങൾ വസ്തുനിഷ്ഠമാകാതെ പോകാനുമുള്ള സാദ്ധ്യതയാണുള്ളത്. ആയത് സ്വീകാര്യമല്ലായെന്ന് കമ്മീഷനെ മെമ്മോറാണ്ടത്തിലൂടെ അറിയിച്ചിട്ടുണ്ട്. |
| ഡി | ധനകമ്മീഷൻ എന്ന ഭരണഘടന സ്ഥാപനത്തെ കേന്ദ്രസർക്കാരിന്റെ വരുതിയിൽ നിറുത്തുന്നതിനുള്ള ശ്രമങ്ങളെ ഏതൊക്കെ തരത്തിൽ പ്രതിരോധിക്കുമെന്ന് വ്യക്തമാക്കുമോ? | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ ദോഷകരമായ നിർദ്ദേശങ്ങൾ പരിഹരിക്കുന്നതിനായി ദക്ഷിണേന്ത്യൻ ധനമന്ത്രിമാരുടെ നേതൃത്വത്തിൽ ബഹു. രാഷ്ട്രപതിയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേരളം സന്ദർശിച്ചപ്പോൾ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്തി മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ